## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1101** **09-10-2024 - ൽ മറുപടിയ്ക്ക്**

### മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള തൊഴിൽ തീരം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ വകുപ്പ് മുഖേനയും അനുബന്ധ ഏജൻസികൾ മുഖേനയും നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**I)<u>വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>**<u>1. സമ്പാദ്യ സമാശ്വാസ പദ്ധതി.</u>**<br><br>പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു.<br><br>**2. <u>തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ</u>**<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുള്ള കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം |

ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറി താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ (കൈ) നം. 1/2024/മ.തു.വ നമ്പർ തീയതി 05/01/2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറി താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4334 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3640 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2256 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ / സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

**3.വിദ്യാഭ്യാസ സഹായ പദ്ധതികൾ**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ (എം.എസ്) 47/14/മ.തു.വ തീയതി 09/06/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടി ക്രമങ്ങൾക്കും വിധേയമായിട്ടാണ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നത്. +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യം

അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യത്തിനായി 27.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിതരണം ചെയ്തു വരികയാണ്. കൂടാതെ വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, എൻ ഐ ടി,ഐ ഐ ടി പ്രവേശന പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം എന്നിവ നൽകി വരുന്നു.

**II. <u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1985 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട് (1985 ലെ 30-ാം വകുപ്പ്) പ്രകാരം നിലവിൽ വന്ന മത്സ്യബോർഡ് മത്സ്യത്തൊഴിലാളികൾ, മത്സ്യ അനുബന്ധത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു .

**<u>പ്രത്യേക പദ്ധതികൾ</u>**

**<u>1.തണൽ</u>**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും,

അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു

**2.സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം , സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.

സർക്കാർ അംഗീകരിച്ചിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -3 ആയി ചേർക്കുന്നു.

**III. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**1. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 509/-രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം

| | | | |
|---|---|---|---|
| | | | സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിൻറെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br><br>**<u>2. മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>**<br>മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും "മത്സ്യത്തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകിവരുന്നു.<br><br>**<u>3. വിദ്യാഭ്യാസ അവാർഡ് 'മികവ്'</u>**<br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഒരംഗത്തിനെങ്കിലും മത്സ്യബന്ധന മേഖലയിലല്ലാതെ മറ്റൊരു തൊഴിൽ ഉറപ്പാക്കുന്നതിനായി നടപ്പാക്കിയ തൊഴിൽ തീരം പദ്ധതി പ്രകാരം എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി തുടരുന്നുണ്ടോ; | (ബി) | തൊഴിൽ തീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നത് കേരള നോളജ് എക്കണോമി മിഷൻ തയ്യാറാക്കിയ പോർട്ടൽ മുഖേനയാണ്. കേരള നോളജ് എക്കണോമി മിഷൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2023 ൽ 249 പേർക്കും (70 സ്ത്രീകൾക്കും 179 പുരുഷൻമാർക്കും), 2024 ൽ ഇതുവരെയായി 246 പേർക്കും (85 സ്ത്രീകളും 161 പുരുഷൻമാരും) ഉൾപ്പെടെ ആകെ 495 പേർക്ക് പദ്ധതി മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്.പദ്ധതി തുടരുന്നുണ്ട്. |
| (സി) | ഈ കുടുംബങ്ങളിലെ യുവാക്കൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ പരിശീലനം നൽകുവാനും ആവശ്യമെങ്കിൽ മത്സ്യബന്ധന ബോട്ടുകളും ഉപകരണങ്ങളും നൽകുവാനും നടപടി സ്വീകരിക്കുമോ? | (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനം നിലവിൽ നൽകി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള ആഴക്കടൽ വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് ( കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോകതൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും സി.എം.ഇ.ഡി.പി ലോൺ മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാകുകയും അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുമുണ്ട്.

കൊച്ചിൻ ഷിപ്പ്യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനം നടത്തി വരുന്നു. ബാക്കിയുള്ള 4 യാനങ്ങളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

2023- 24 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന

| | | | | |
|---|---|---|---|---|
| | | | | പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. യൂണിറ്റിന് 120 ലക്ഷം രൂപ ചെലവ് വരുന്ന യാനങ്ങൾ ആണ് പദ്ധതി പ്രകാരം ഓരോ മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളി ഗ്രൂപ്പിന് നൽകുന്നത്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ്ങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ന്റെ നേതൃത്വത്തിൽ NCDC യുടെ സാമ്പത്തിക സഹായത്തോടെ മൂന്നു ദിവസത്തെ പരിശീലനം നിഫാമിൽ വച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തിരഞ്ഞെടുത്ത അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ വച്ച് പരിശീലനം നൽകിയിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതുമായ പ്രവർത്തന മാനുവൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് ശരിയായ പരിശീലനം കൊച്ചിൻ ഷിപ്പ് യാർഡ് മുഖേനെ മുഴുവൻ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും അംഗങ്ങൾക്ക് നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ തീരം പദ്ധതി വഴി ഇത്തരത്തിലുള്ള പരിശീലനം നൽകുന്ന കാര്യം അപേക്ഷകരുടെ ആവശ്യകത അനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -1</u>**

**<u>മത്സ്യത്തൊഴിലാളികൾ, മത്സ്യ അനുബന്ധത്തൊഴിലാളികൾ എന്നിവക്കായി മത്സ്യബോർഡ് നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ</u>**

| മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
| 1 | അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 10,00,000 |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി | 1,00,000<br>(50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.) |
| 3 | വിവാഹ ധനസഹായ പദ്ധതി | 25,000<br>( 10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിച്ചു) |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2000<br>( 600/- രൂപയിൽ നിന്നും 2,000/- രൂപയായി വർദ്ധിപ്പിച്ചു) |
| 5 | വാർദ്ധക്യകാല പെൻഷൻ | 1600 |
| 6 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്കുള്ള ധനസഹായ പദ്ധതി | 500 |
| 7 | മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000 |
| 8 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5,000<br>(പരമാവധി) |
| 9 | കുടുംബ സംവിധാന പദ്ധതി | 500 |
| 10 | മാരകരോഗ ചികിൽസാ പദ്ധതി | 50,000 |

| | | |
|---|---|---|
| | | (പരമാവധി) |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 |
| 12 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750 |
| 13 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി. ഹയർ സെക്കന്ററി (**+2**) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം. | 5,000<br>(പരമാവധി) |
| 14 | വിധവ പെൻഷൻ | 1600 |
| 15 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി | 1000 മുതൽ 10,000 വരെയാണ്. |
| 16 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം (പരമാവധി 50,000/-) |

**അനുബന്ധം -2**

**സാന്ത്വന തീരം പദ്ധതി പ്രകാരമുള്ള തുടർ ചികിത്സാ ആനുകൂല്യങ്ങൾ**

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക |
|---|---|---|
| 1 | ഹൃദ്രോഗം | ₹ 50,000/- |
| 2 | വൃക്കരോഗം/ഡയാലിസിസ് | ₹ 50,000/- |
| 3 | കരൾരോഗം | ₹ 20,000/- |
| 4 | കാൻസർ | ₹ 50,000/- |
| 5 | കണ്ണ് ചികിൽസ | ₹ 25,000/- |
| 6 | സ്ട്രോക്ക്, തളർവാതം,കിടപ്പുരോഗം | ₹ 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | ₹ 10,000/- |
| 8 | ഓട്ടിസം ചികിൽസ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | ₹10,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി) | ₹10,000/- |

## അനുബന്ധം-3

## സർക്കാർ അംഗീകരിച്ചിട്ടുള്ള പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി | 1,00,000 |
| 2 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000 |
| 3 | ഗ്രന്ഥശാല/ വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000 ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 4 | മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000 ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 5 | മത്സ്യ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000 ( 14 ജില്ലകൾക്ക്) |
| 6 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000 (പരമാവധി) |
| 7 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി | 50,000 |
| 8 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധന സഹായം നൽകുന്ന പദ്ധതി | 1,00,000 |
| 9 | അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം | 25,000 |
| 10 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കുന്നതിനുള്ള പദ്ധതി | 10,000 (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 11 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000 (14 ജില്ലകൾക്കും) |
| 12 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25,000 (പരമാവധി) |
| 13 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. | ബോർഡ് തീരുമാന പ്രകാരം |